# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1664 — 04/12/2015-ൽ മറുപടിയ്ക്ക്

## പച്ചക്കറി സംഭരണം

**ചോദ്യം**

ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
ശ്രീ. എസ്. ശർമ്മ
ശ്രീ. ആർ. രാജേഷ്

**മറുപടി**

ശ്രീ. കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഹോർട്ടികോർപ്പ് ഏതെല്ലാം രീതികളിലൂടെയാണ് പച്ചക്കറി സംഭരണം നടത്തുന്നത്; | എ) | സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, സംഘമൈത്രി, കാർഷികമൊത്ത വ്യാപാര വിപണികൾ, വനിതാസ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, ഇടങ്ങിയവയിൽ നിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ച് വരുന്നു. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറി ഇനങ്ങൾ അയൽസംസ്ഥാനങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് നേരിട്ട് സംഭരിച്ചാണ് വിപണനം നടത്തുന്നത്. |
| ബി) | സംസ്ഥാനത്ത് ഉല്പാദിപ്പിച്ച പച്ചക്കറി പരമാവധി ശേഖരിക്കണം എന്ന നിർദ്ദേശം ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ടോ; നൽകിയിട്ടുണ്ടെങ്കിൽ ഇത് എത്രത്തോളം നടപ്പാക്കപ്പെട്ടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; | ബി & സി)) | സംസ്ഥാനത്തിനുള്ളിൽ ലഭ്യമായ പച്ചക്കറികൾ പരമാവധി സംഭരിക്കുകയെന്നതാണ് ഹോർട്ടികോർപ്പിന്റെ നയം. സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ ഭൂരിഭാഗവും ഹോർട്ടികോർപ്പ് ശേഖരിച്ചു വരുന്നുണ്ട്. |
| സി) | സംസ്ഥാനത്ത് സി.പി.ഐ(എം) ന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയ ജൈവ പച്ചക്കറി ഉല്പാദനയജ്ഞത്തെ തുടർന്ന് പച്ചക്കറി ഉല്പാദനത്തിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം തുടരുന്നതിന് സാദ്ധ്യമാകുന്ന തരത്തിൽ ആഭ്യന്തര സംഭരണം ഊർജ്ജിതമാക്കാൻ ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ